തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിലെ പേപ്പട്ടി ശല്യം

930. [1369] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിൽ പേപ്പട്ടി ശല്യം വർദ്ധിച്ചിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പട്ടികളെ നശിപ്പിക്കാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ;

(സി) പേപ്പട്ടികളെ പിടിക്കുന്നവർക്ക് സർക്കാർ റേറ്റ് എന്താണ് ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ പേപ്പട്ടി ശല്യം ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി നഗരസഭ സ്വീകരിച്ചു വരുന്നു.

(സി) പേപ്പട്ടികളെ പിടിക്കുന്നതിനായി യാതൊരു റേറ്റും സർക്കാർ നിശ്ചയിച്ചിട്ടില്ല. ഒരു പട്ടിയെ നശിപ്പിക്കുന്നതിന് 5 രൂപ ക്രമത്തിലാണ് കോർപ്പറേഷൻ നൽകി വരുന്നത്.

എ. സി. പ്രവർത്തിപ്പിക്കാത്ത തീയേറ്ററുകൾ

931. [1370] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കണ്ടീഷൻ തീയേറ്ററുകളിൽ എ. സി. പ്രവർത്തിപ്പിക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം തിയേറ്റർ ഉടമകളുടെ പേരിൽ കർശന നടപടികൾ എടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ. സി. പ്രവർത്തിപ്പിക്കാത്ത തീയേറ്റർ ഉടമകളുടെ പേരിൽ നഗരസഭകൾ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

റൂറൽ ഡവലപ്പ്മെന്റ് ബോർഡ് പണിത സ്ഥാപനങ്ങൾ

932. [1371] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഡവലപ്പ്മെന്റ് ബോർഡ് പണിതതും വാടകയ്ക്ക് കൊടുക്കാത്തതുമായ എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) വാടക നിശ്ചയിക്കാൻ ഗവൺമെന്റിൽ നിന്ന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഈ വക സ്ഥാപനങ്ങളുടെ വാടക ആർ. ഡി. സി. യിൽ നിന്ന് തന്നെ നിശ്ചയിച്ചുകൊടുക്കാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാടക നിശ്ചയിക്കാൻ ഗവൺമെന്റിൽ നിന്ന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി അറിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വകയായുള്ള കെട്ടിടങ്ങൾക്ക് ആർ. ഡി. സി. വാടക നിശ്ചയിക്കേണ്ട കാര്യമില്ല.

ഹിന്ദിഭാഷയുടെ പ്രചാരണം

933. [1373] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിന്ദിഭാഷ പ്രചരിപ്പിക്കുവാൻ കേന്ദ്രനിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി പുതിയ തസ്തികകൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമെങ്കിൽ പുതിയ തസ്തികകൾ ഉണ്ടാക്കുന്നതാണ്.

പ്രിൻറിംഗ് ടെക്നോളജി പരീക്ഷ

934. [1374] ശ്രീ. എം. വി. രാഘവൻ :
,, സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രിൻറിംഗ് ടെക്നോളജി പരീക്ഷ വർഷത്തിൽ ഒരു പ്രാവശ്യം മാത്രം നടത്തുന്നതു കാരണം പ്രാക്ടിക്കലിനു തോൽക്കുന്ന വിദ്യാർത്ഥികൾക്ക് ആ വിഷയത്തിൽ പരീക്ഷക്കിരിക്കാൻ ഒരു വർഷം കാത്തിരിക്കണമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. ജി. ടി. വിഭാഗത്തിൽപ്പെട്ട പ്രിൻറിംഗ് ടെക്നോളജി പരീക്ഷ ഇപ്പോൾ വർഷത്തിലൊരിക്കൽ രണ്ടു സെക്ഷനായി നടത്തുന്നു. തിയറിയും പ്രാക്ടിക്കലും ഒരു വർഷത്തിൽ 4000-നു കീഴിൽ മാത്രം വിദ്യാർത്ഥികൾ പങ്കെടുക്കുന്നതും പതിനാറു പരീക്ഷാ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതുമായ ഒരു ടെക്നിക്കൽ പരീക്ഷ ഒന്നിലധികം പ്രാവശ്യം നടത്തുക എന്നത് നിലവിലുള്ള സാഹചര്യത്തിൽ പ്രായോഗികമല്ല. തിയറി പരീക്ഷയിൽ വിജയികളാകുന്നവർക്കുവേണ്ടി മാത്രമാണ് പ്രായോഗിക പരീക്ഷ നടത്തുന്നത്. പ്രിൻറിംഗ് സംബന്ധമായ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പരിജ്ഞാനം നിർണ്ണയിക്കുന്നതിനുവേണ്ടി നടത്തുന്ന പ്രസ്തുത പരീക്ഷയുടെ നിലവിലുള്ള നടത്തിപ്പ് രീതിയിൽ ഒരു മാറ്റം അനിവാര്യമാണെന്ന് തോന്നുന്നില്ല. പല മൈനർ പരീക്ഷകളും ഒരു വർഷത്തിലൊരിക്കൽ മാത്രം നടത്തുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly